**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 623** — **29.05.2019 - ൽ മറുപടിക്ക്.**

# കൊട്ടുവായൂരിലുള്ള മിനി ഇൻഡസ്ട്രീസ് ഏറ്റെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊട്ടുവായൂരിലുള്ള മിനി ഇൻഡസ്ട്രീസ് ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) : നെന്മാറ നിയോജകമണ്ഡലത്തിലെ കൊട്ടുവായൂരിലുള്ള വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 5 ഷെഡ്ഡുകൾ പ്രവർത്തന രഹിതമായതിനെ തുടർന്ന് 26/08/17-ൽ വ്യവസായ വാണിജ്യ വകുപ്പ് തിരിച്ചെടുത്തു. ഈ നടപടിയ്ക്കെതിരെ സംരംഭകർ ഫയൽ ചെയ്ത WP(C) No. 29456/17, 29457/17 എന്നീ കേസുകൾ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്. എന്നാൽ ഇതിൽ "സ്റ്റാറ്റസ്കോ" നിലനിർത്തുവാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. |
| (ബി) സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥാപനം സ്വകാര്യ വ്യക്തിയ്ക്ക് പാട്ടത്തിന് നൽകിയിട്ട് എത്ര വർഷമായി ; | (ബി) പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ പാട്ടത്തിന് ഷെഡ്ഡുകൾ അനുവദിച്ചിട്ടില്ല. 28/12/1993-ൽ "ഹയർ പർച്ചേസ്" വ്യവസ്ഥയിൽ ഷെഡുകൾ അനുവദിക്കുകയും 1998 മുതൽ അവ "ഔട്ട് റൈറ്റ് സെയിൽ" വ്യവസ്ഥയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സ്ഥാപനം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ? | ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ അന്തിമ വിധി വന്നതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.

ജെ/25/05/19